പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3305 — 19.06.2018-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ എത്ര ബസുകളാണ് ഉപയോഗക്ഷമതയുള്ളതെന്ന് വിശദമാക്കുമോ; | (എ) | 13-6-2018-ലെ കണക്കുപ്രകാരം 5,800 ബസുകളാണ് ഉപയോഗക്ഷമതയായുള്ളത്. |
| (ബി) | നിലവിൽ എത്ര ഡ്രൈവർമാരാണ് കെ.എസ്.ആർ.ടി.സി.യിൽ സേവനമനുഷ്ഠിക്കുന്നത്; 2018 ഏപ്രിൽ മാസത്തിൽ ഡ്രൈവർമാരുടെ എത്ര ഒഴിവുകളുണ്ടായിരുന്നു; 2018 മെയ് മാസത്തിൽ എത്ര ഡ്രൈവർമാരാണ് സർവ്വീസിൽ നിന്ന് വിരമിച്ചത്; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ 12699 ഡ്രൈവർമാരുണ്ട്. 2018 ഏപ്രിൽ മാസത്തിൽ കെ.എസ്.ആർ.ടി.സി.യിൽ 75 ഡ്രൈവർമാർ വിരമിച്ചിട്ടുണ്ട്. ടി റിട്ടയർമെന്റ് ഒഴിവുകൾ 75 എണ്ണം ഏപ്രിൽ മാസത്തിൽ ഉണ്ട്. 2018 മെയ് മാസത്തിൽ 215 ഡ്രൈവർമാരാണ് സർവ്വീസിൽ നിന്നും വിരമിച്ചത്. |
| (സി) | ഡ്രൈവർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ ഡ്രൈവർമാർ വിരമിച്ചത് ചില യൂണിറ്റുകളുടെ സർവ്വീസുകളെ ബാധിച്ചതിനാൽ ആയത് അടിയന്തിരമായി പരിഹരിച്ച് സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനുവേണ്ടി ഡ്രൈവർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രൊഫ.സുശീൽ ഖന്നയുടെ പുനരുദ്ധാരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ നിർണ്ണയിച്ച് ഒഴിവ് നികത്താൻ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ